പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2177 05.12.2018 ൽ മറുപടിക്ക്

## ക്യാൻസർ രോഗികൾക്ക് പെൻഷൻ

| | ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ ക്യാൻസർ രോഗം ബാധിച്ചവർക്ക് പെൻഷൻ അനുവദിക്കുന്നുണ്ടോ; എത്ര രൂപയാണ് പെൻഷൻ അനുവദിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ക്യാൻസർ രോഗം ബാധിച്ചവർക്ക് പ്രതിമാസം 1,000/- രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നുണ്ട്. ആയതിനുള്ള അപേക്ഷ ബന്ധപ്പെട്ട തഹസീൽദാർക്കാണ് നൽകേണ്ടത്. |
| (ബി) | ക്യാൻസർ രോഗികൾക്ക് പെൻഷൻ അനുവദിക്കുന്നതിനുവേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (ബി) | പെൻഷനുവേണ്ടി അപേക്ഷിക്കുന്ന ക്യാൻസർ രോഗിയുടെ കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ഫോം നം.10 (ക്യാൻസർ രോഗിയാണെന്ന സാക്ഷ്യപത്രം) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ സെന്റർ, എല്ലാ മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ രജിസ്റ്റേഡ് ഓങ്കോളജിസ്റ്റുകൾ, ജില്ല/ജനറൽ ആശുപത്രികളിലെ കീമോ തെറാപ്പി (ക്യൂറേറ്റീവ് & പാലിയേറ്റീവ്)/റേഡിയോ തെറാപ്പിയുമായി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ ഇവരിലാരെങ്കിലും ഒരാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം. ഫാറം നമ്പർ 9-ലെ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തഹസീൽദാർ പെൻഷൻ അനുവദിക്കുന്നു. |
| (സി) | കോതമംഗലം താലൂക്കിന് കീഴിൽ എത്രപേർക്ക് നിലവിൽ ഇത്തരത്തിലുള്ള പെൻഷൻ അനുവദിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) | 490 |
| (ഡി) | ക്യാൻസർ രോഗികൾക്കുള്ള പെൻഷനു വേണ്ടി കോതമംഗലം താലൂക്കിന് കീഴിൽ പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഇതിൽ എത്ര പേർക്ക് ഇനിയും പെൻഷൻ അനുവദിക്കാനുണ്ട്; എത്രയും വേഗത്തിൽ ഇവർക്ക് പെൻഷൻ അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | കോതമംഗലം താലൂക്ക് ഓഫീസിൽ മാസംതോറും ഏകദേശം പുതിയ 10 അപേക്ഷകൾ ക്യാൻസർ പെൻഷനുമായി ബന്ധപ്പെട്ട് ലഭിക്കാറുണ്ട്. നിലവിൽ അപേക്ഷിച്ച യോഗ്യരായ എല്ലാപേർക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ